## പതിനാലാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2391 | 17.08.2017 ന് മറുപടിയ്ക്ക്.

**പാലക്കാട് ജില്ലയിൽ കാട്ടാനകൾ മൂലം ആൾനാശവും കൃഷിനാശവും**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ഡി.പ്രസേനൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) പാലക്കാട് ജില്ലയിലെ മലമ്പുഴ, ഒലവക്കോട്, പുതുപരിയാരം മേഖലകളിൽ കാട്ടാനകൾ ആൾനാശവും കൃഷിനാശവും വരുത്തുന്നത് തടയുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ; | (എ) പാലക്കാട് ജില്ലയിലെ മലമ്പുഴ, ഒലവക്കോട്, പുതുപരിയാരം മേഖലകളിൽ കാട്ടാനകൾ ആൾനാശവും കൃഷിനാശവും വരുത്തുന്നത് തടയുന്നതിന് നിലവിലുള്ള സൗരോർജ്ജ വേലികൾ കൃത്യമായി അറ്റകുറ്റപണി നടത്തി സംരക്ഷിക്കുകയും പുതിയ സൗരോർജ്ജ വേലികൾ നിർമ്മിക്കുകയും ചെയ്യുന്നുണ്ട്. ഒലവക്കോട് റെയിഞ്ചിലെ ധോണി, എലിവാൽ എന്നീ സെക്ഷനുകളിൽ ആനകൾ വരുന്നത് തടയുന്നതിനായി ട്രഞ്ചുകൾ നിർമ്മിച്ചിട്ടുണ്ട്. വാളയാർ റെയിഞ്ചിലെ കൊട്ടേക്കാട്, പുതുശ്ശേരി നോർത്ത്/ സൗത്ത്, വാളയാർ അകത്തേത്തറ സെക്ഷനുകളിലും ഒലവക്കോട് റെയിഞ്ചിലെ ധോണി, എലിവാൽ സെക്ഷനുകളിലും വൈദ്യുത വേലിയുടെ പരിപാലനത്തിനും സംരക്ഷണത്തിനുമായി ആവശ്യമായ ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ പ്രശ്നബാധിത മേഖലകളിൽ പട്രോളിംഗ് ടീമുകൾ രൂപീകരിച്ച് പകലും രാത്രിയും പട്രോളിംഗ് നടത്തിവരുന്നുണ്ട്. |
| (ബി) എത്ര ആളുകളുടെ ജീവന് അപായമുണ്ടായെന്നും, കൃഷികൾക്കുണ്ടായ നാശനഷ്ടങ്ങൾ എത്രയെന്നും വിശദമാക്കുമോ? | (ബി) 2017-2018 കാലയളവിൽ ഒരാൾക്ക് കാട്ടാനയുടെ ആക്രമണത്തിൽ ജീവഹാനി സംഭവിച്ചിട്ടുണ്ട്. 2017-18 കാലയളവിൽ നാളിതുവരെ കൃഷി നാശത്തിന് ലഭിച്ച 104 അപേക്ഷകളിലായി 736240/- രൂപ നഷ്ടപരിഹാരം നല്കിയിട്ടുണ്ട്. |

Latheef

സെക്ഷൻ ഓഫീസർ